LIBRARY ARCHIVES Kerala Legislative Assembly

ഐ.ടി. ഇൻഫ്രാസ്ട്രക്ചർ കമ്പനിയുടെ പ്രവർത്തനം

38 (5713) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഐ.ടി. ഇൻഫ്രാസ്ട്രക്ചർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കമ്പനി എന്തൊക്കെ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത കമ്പനിയുടെ മൂലധനം എത്ര രൂപയാണ് ; പ്രസ്തുത തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഐ.ടി.ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാക്കി വൈദ്യുതി, വെള്ളം, റോഡ് എന്നിവയും പ്രത്യേക സാമ്പത്തിക മേഖലാ പദവിയും മറ്റ് അനുമതികളും നേടിയെടുത്ത് മൂല്യവർദ്ധനവ് വരുത്തി സ്വകാര്യ സംരംഭകരുമായി ചേർന്ന് PPP മോഡലിൽ ഐ.ടി. വ്യവസായം വളർത്തുകയാണ് കമ്പനിയുടെ പ്രധാന പ്രവർത്തനം. അതോടൊപ്പം പഞ്ചായത്തുകളിലും മറ്റും ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടങ്ങൾ ഐ.ടി.ക്ക് അനുയോജ്യമായി രൂപാന്തരപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ടെക്നോലോഡ്ജുകൾ ആരംഭിക്കുന്ന പ്രവർത്തനവും ഉണ്ട്. അതുപൊലെ ഐ.ടി. ജോലിക്ക് ഉദ്യോഗാർത്ഥികളെ സജ്ജരാക്കുന്നതിന് ഐ.സി.റ്റി. അക്കാഡമി സ്ഥാപിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഈ കമ്പനിയിലെ സർക്കാർ ഓഹരി പങ്കാളിത്തം 51% ആണ്. ഈ ഇനത്തിൽ ഇതുവരെ 40.10 കോടി രൂപ ഈ കമ്പനിക്ക് ഓഹരി മൂലധനമായി സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനായി കമ്പനിക്ക് സർക്കാർ ഇതുവരെ വില നിശ്ചയിച്ച് നൽകിയിട്ടുള്ള ഭൂമിയുടെ വിലയായ 55.77 കോടി രൂപയും കമ്പനിയിലുള്ള സർക്കാരിന്റെ ഓഹരി മൂലധനമാണ്. 49% ഓഹരികൾ, സ്വകാര്യ വ്യക്തികൾ, ധനകാര്യ സ്ഥാപനങ്ങൾ, ഐ.ടി. കമ്പനികൾ, പ്രവാസികൾ മറ്റുള്ളവർ എന്നിവരിൽ നിന്നാണ് സ്വരൂപിക്കുന്നത്.

ഗ്രാമീണ ഐ.ടി. പാർക്ക് പദ്ധതി

39 (5714) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതൊക്കെ പഞ്ചായത്തുകളിലാണ് ഗ്രാമീണ ഐ.ടി. പാർക്ക് പദ്ധതി ഇതിനകം നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഗ്രാമീണ ഐ.ടി. പാർക്ക് പദ്ധതിയുടെ ഭാഗമായുള്ള ഐ.ടി. ലോഡ്ജ് എവിടെയൊക്കെ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പോരുവഴി പഞ്ചായത്തിൽ ഐ.ടി. പാർക്കും ഐ.ടി. ലോഡ്ജും തുടങ്ങുന്നത് സംബന്ധിച്ച് അപേക്ഷ നൽകിയിട്ടുള്ളതിൽ തീരുമാനം എടുത്തിട്ടുണ്ടോ എന്നത് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ടെക്നോലോഡ്ജ് പദ്ധതിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ വിവിധ ജില്ലകളിലായി 11 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) പോരുവഴി പഞ്ചായത്തിൽ നിന്നുമുള്ള അപേക്ഷ ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തുകളിൽ ചെറുകിട ഐ.ടി. പാർക്കുകൾ

40 (5715) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ചെറുകിട ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെല്ലാം പഞ്ചായത്തുകളിൽ ഇത്തരത്തിൽ ഐ.ടി. പാർക്കുകൾ തുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഗ്രാമ പഞ്ചായത്തുകളിൽ ചെറുകിട ഐ.ടി പാർക്കുകൾ തുടങ്ങുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കേണ്ടത് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ടെക്നോലോഡ്ജ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇത്തരത്തിൽ വിവിധ ജില്ലകളിലായി 11 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ കൊല്ലം ജില്ലയിലെ കടയ്ക്കൽ, പെരിനാട് എന്നീ ഗ്രാമപഞ്ചായത്തുകളിലെ ടെക്നോലോഡ്ജുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(സി) ഗ്രാമീണ മേഖലയിൽ ഗതാഗത സൗകര്യമുള്ള റോഡ് , ജലം, വൈദ്യുതി, ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി തുടങ്ങിയവ ലഭ്യമായ പ്രദേശത്ത് ഏകദേശം 10,000 ചതുരശ്ര അടി ബിൽറ്റ് അപ് ഏരിയയുള്ള കെട്ടിടമോ കുറഞ്ഞത് ഒരേക്കർ ഭൂമിയോ സൗജന്യമായി ലഭ്യമാക്കണം. ഉപയോഗിക്കാതെ കിടക്കുന്ന പഴയ സർക്കാർ/പഞ്ചായത്ത് വക കെട്ടിടങ്ങളും സ്ഥലങ്ങളുമാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly